**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** **26-07-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയുടെ വികസനത്തിന് വലിയ സംഭാവന നൽകുവാൻ കഴിയുന്ന ടൂറിസം സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ടൂറിസം പദ്ധതികളിൽ ഇവർക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജനങ്ങളുടെ കൂട്ടുത്തരവാദിത്തത്തിലും സർക്കാർ നിയന്ത്രണത്തിലും നിയമത്തിനും വിധേയമായി പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളെ പ്രയോജനപ്പെടുത്തി പ്രാദേശിക ടൂറിസം വികസനം ത്വരിതപ്പെടുത്തുന്നതിന് കഴിയുമോയെന്ന് അറിയിക്കാമോ; | (ബി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | കെ.റ്റി.ഡി.സി. ഡി.റ്റി.പി.സി. എന്നിവയുടെ പദ്ധതികളിൽ ഇവർക്കും പങ്കാളിത്തം നൽകുന്നതിനും ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഡി.റ്റി.പി.സി. യുടെ സ്ഥാപനങ്ങൾ വ്യവസ്ഥകൾ ലഘൂകരിച്ച് സുതാര്യമായ നിലയിൽ കരാറിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് സഹകരണ സ്ഥാപനങ്ങളെയും ടൂറിസം സംരംഭങ്ങളിൽ ഭാഗമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ